# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

ജൂൺ 01, 2017

## ജാംഖെഡ് മർച്ചന്റ്സ് സഹകരണ ബാങ്ക്, മര്യാഡിറ്റ്, ജാഷെഡ് അഹമ്മദ്നഗർ, മഹാരാഷ്ട്രയുടെ ലൈസൻസ് റിസർവ് ബാങ്ക് റദ്ദാക്കുന്നു.

മഹാരാഷ്ട്ര, അഹമ്മദ്നഗർ, ജാംഖെഡ്, മര്യാഡിറ്റിലെ ജാംഖെഡ് മർച്ചൻസ് സഹകരണബാങ്കിന്റെ ലൈസൻസ് റിസർവ് ബാങ്ക് റദ്ദാക്കി യിരിക്കുന്നു. 2017 ജൂൺ ഒന്നാം തീയതിയിലെ ബിസിനസ് സമയം അവസാനിക്കുന്നതു മുതൽ ഈ ഉത്തരവ് ബാധകമായിരിക്കും. ബാങ്കിംഗ് പ്രവർത്തനം അവസാനിപ്പിക്കാനും ലികിഡേറ്ററെ നിയമിക്കാനും വേണ്ട ഉത്തരവ് പുറപ്പെടുവിക്കുവാൻ മഹാരാഷ്ട്രയിലെ സഹകരണസംഘം രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

താഴെപറയും പ്രകാരം ബാങ്കിന്റെ ലൈസൻസ് റദ്ദാക്കിയിരിക്കുന്നു.

• ബാങ്കിംഗ് റഗുലേഷൻ നിയമം (1949) എ.എ.സി.എസ്) സെക്ഷൻ 11 (1) സെക്ഷൻ 56 എന്നിവ പ്രകാരമുള്ള കാര്യങ്ങൾ ബാങ്ക് നിർവഹിച്ചിട്ടില്ല.

• നിലവിലുള്ളതും ഭാവിയിൽ വരുന്നവരുമായ നിക്ഷേപകരുടെയും പൊതുജനങ്ങളുടേയും താല്പര്യങ്ങൾക്കു വിരുദ്ധമായ രീതിയിലാണ് ബാങ്കിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ബാങ്കിംഗ്റഗുലേഷൻ നിയമം 1949 (എ.എ.സി.എസ്) ന്റെ 22(3) എ), 22(3) ബി, 22(3) സി, 22,3 ഡി 22(3)ഇ എന്നീ വകുപ്പുകളും ലംഘിച്ചിരിക്കുന്നു.

• നിലവിലുള്ളതും ഭാവിയിലുമുള്ള നിക്ഷേപകരുടെ നിക്ഷേപങ്ങൾ കാലവധിയാകുമ്പോൾ തിരിച്ചുകൊടുക്കാൻ ബാങ്കിനു കഴിയുകയില്ല.

• ബാങ്കിന്റെ ഇന്നത്തെ സാമ്പത്തികനിലയിൽ പുനരുദ്ധാരണത്തിന് ഒരു സാധ്യതയുമില്ല.

• തുടർന്ന് ബാങ്കിംഗ് പ്രവർത്തനം നടത്താൻ അനുമതി നൽകിയാൽ അതു പൊതുജനതാല്പര്യത്തിനു വിരുദ്ധമായിരിക്കും.

ലൈസൻസ് റദ്ദ് ചെയ്തതിന്റെ ഫലമായി ജാംഖെഡ് മർചന്റ് സഹകരണ ബാങ്ക് മര്യാഡിറ്റ്, ജാംഖെഡ് അഹമ്മദ് നഗർ ജില്ല, മഹാരാഷ്ട്ര

ബി. ആർ. ആക്ട് 1949 ( എ എ സി എസ്) സെക്ഷൻ 5(ബി) പ്രകാരം ബാങ്കിംഗ് ബിസിനസ് നടത്തുന്നത് നിരോധിച്ചിരിക്കുന്നു.

ലൈസൻസ് റദ്ദാക്കുകയും ലികചിസേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു. തുടർന്ന് ഡിപ്പോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രഡിറ്റ് ഗാരണ്ടി കോർപ്പറേഷൻ ആക്ട് 1961 പ്രകാരം ബാങ്കിന്റെ നിക്ഷേപകർക്ക് അർഹമായ തുക നൽകാനുള്ള നടപടികൾ ആരംഭിക്കുകയും ഡി ഐ സി ജി സി യുടെ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് ലികചിഡേഷനിൽ ആയാൽ ഓരോ നിക്ഷേപകനും അവരുടെ നിക്ഷേപങ്ങൾക്ക് ലഭിക്കുവാൻ പരമാവധി ഒരു ലക്ഷം രൂപ എന്ന പരിധി ഉണ്ടായിരിക്കും.

**ജോസ് ജെ. കാട്ടൂർ**

പ്രസ് റിലീസ് 2016-17/3251 ചീഫ് ജനറൽ മാനേജർ